ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന് കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി പുലയനാർകോട്ടയിൽ 18.33 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ട്. ഇവിടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. സംസ്ഥാന സർക്കാർ ഇതിലേക്കായി എല്ലാ സഹായങ്ങളും നൽകുന്നുണ്ട്.

(സി) പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ തുടക്കത്തിൽ 50 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഐ. പി. വിഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ഡോക്ടർമാരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കാൻ നടപടി

247 [3222] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മുതൽ 2000 വരെ റഷ്യ, ഉക്രെയിൻ, ബൾഗേറിയ തുടങ്ങിയ വിദേശരാജ്യങ്ങളിൽപ്പോയി മോഡേൺ മെഡിസിൻ പഠിച്ചുവന്നവരിൽ എത്രപേർ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് പാസ്സായിയെന്നും എത്രപേർ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) തട്ടിപ്പ് നടത്തുന്നത് ഒഴിവാക്കുന്നതിന് മെഡിക്കൽഷോപ്പുകളിൽ സർട്ടിഫിക്കറ്റ് പ്രദർശിപ്പിച്ചിട്ടുള്ളതുപോലെ ഇവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1985 മുതൽ 2000 വരെ റഷ്യ, ഉക്രെയിൻ, ബൾഗേറിയ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ചവർക്ക് സ്ക്രീനിംഗ് ടെസ്റ്റ് ബാധകമല്ല. സ്ക്രീനിംഗ് ടെസ്റ്റ് ബാധകമാക്കിയത് 2002 മാർച്ച് 15-ാം തീയതിമുതലാണ്.

(ബി) ഇക്കാര്യം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly